**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 574** **13-01-2021 - ൽ മറുപടിയ്ക്ക്**

**കായിക രംഗത്തെ പുഷ്ടിപ്പെടുത്താൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം . ഉമ്മർ | | **Shri E. P. Jayarajan**<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ കായിക രംഗത്തെ പുഷ്ടിപ്പെടുത്താൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയത്; ജില്ല തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ; | (എ) | കായികതാരങ്ങൾക്ക് മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി കിഫ്ബി ധനസഹായത്തോടെ 2016-17 ബഡ്ജറ്റിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള 14 ജില്ലാ സ്റ്റേഡിയങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 43 പഞ്ചായത്ത് സ്റ്റേഡിയങ്ങളും പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ കിഫ്ബി അംഗീകാരം ലഭിച്ചവയുടെ വിവിധ പദ്ധതികളുടെ നിർമ്മാണവും ടെൻഡർ തുടങ്ങിയ മറ്റ് നടപടിക്രമങ്ങളും വിവിധി ഘട്ടത്തിലാണ്. ഇതിന് പുറമെ കായിക യുവജനകാര്യാലയത്തിന്റെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് നിലവിലുള്ള സ്റ്റേഡിയങ്ങളുടെയും കളിസ്ഥലങ്ങളുടെയും നവീകരണം, ആധുനീകരണ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. കായിക ക്ഷമതയുള്ള വിദ്യാർത്ഥികളെ വാർത്തെടുക്കുന്നതിന് കായികയുവജനകാര്യാലയം മുഖേന കിക്കോഫ്, സ്പ്ലാഷ്, ഹൂപ്സ്, സ്പ്രിന്റ്, പ്ലേ ഫോർ ഹെൽത്ത്, പെൺകുട്ടികൾക്ക് സ്വയം പ്രതിരോധ പരിശീലന പരിപാടി, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്ക് ഇൻഷ്വറൻസ് എന്നിവയും നടപ്പിലാക്കി വരുന്നു. ഷൂട്ടിംഗ് തൽപരരായ കുട്ടികൾക്ക് വേണ്ടി കേരള ഷൂട്ടിംഗ് അക്കാഡമി, ടെന്നീസിനുവേണ്ടി ടെന്നീസ് അക്കാഡമി എന്നിവയും നടത്തി വരുന്നു. കായികതാരങ്ങൾക്ക് കൂടുതൽ മികച്ച പരിശീലനം ലഭ്യമാക്കുന്നതിനായി വിവിധ കായികയിനങ്ങളിൽ അക്കാദമികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആലോചിച്ചുവരുന്നു. കായിക യുവജനകാര്യാലയത്തിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന നീന്തൽക്കുളം, ബാഡ്മിന്റൺ കോർട്ട്, സ്പോർട്സ് ലൈഫ് ഫിറ്റ്നെസ് സെന്റർ എന്നിവയിൽ ദേശീയ/ അന്തർദേശീയ കായികതാരങ്ങൾക്ക് സൗജന്യമായി പരിശീലനം |

| | | | |
|---|---|---|---|
| | | | നടത്തുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. നിലവിലുള്ള സ്പോർട്സ് സ്കൂളുകളുടെ നിലവാരം ഉയർത്തുന്നതിനും കായിക താരങ്ങൾക്ക് നൽകിവരുന്ന സൗകര്യം വർദ്ധിപ്പിക്കുന്നതിനുമായി സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം അനുബന്ധം-I ആയി ചേർത്തിട്ടുണ്ട്. കൂടാതെ പരിക്കേറ്റ കായിക താരങ്ങൾക്ക് ചികിത്സാ സഹായം ലഭ്യമാക്കുന്നതിനും, വീട് നിർമ്മിച്ചു നൽകുന്നതിനും, മികവ് തെളിയിക്കുന്ന കായിക താരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനും, ഗ്രൗണ്ട് നിർമ്മാണത്തിനുമായി കായിക വികസന നിധി രൂപീകരിച്ച് ധനസഹായം നൽകി വരുന്നുണ്ട്. ഈ സർക്കാർ കായിക രംഗത്തെ പുഷ്ടിപ്പെടുത്താൻ 2016-17 ബഡ്ജറ്റിൽ ഉൾപ്പെടുത്തി കിഫ്ബി ധനസഹായത്തോടെ 14 ജില്ലാ സ്റ്റേഡിയങ്ങളും 43 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഏകദേശം 1000 കോടി രൂപ മുതൽ മുടക്കിൽ നിർമ്മിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ഉടമസ്ഥതയിലുള്ള ജി.വി.രാജ സ്പോർട്സ് സ്കൂൾ മൈലം, സ്പോർട്സ് ഡിവിഷൻ, കണ്ണൂർ, എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം-II ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ചതും എന്നാൽ ഈ സർക്കാർ ഒഴിവാക്കിയതുമായ എന്തെല്ലാം പദ്ധതികളാണ് മലപ്പുറം ജില്ലയിൽ ഉണ്ടായിരുന്നതെന്ന് വിശദമാക്കാമോ; | (ബി) | മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ചതും എന്നാൽ ഈ സർക്കാർ ഒഴിവാക്കിയതുമായ യാതൊരു പദ്ധതികളും നിലവിൽ മലപ്പുറം ജില്ലയിലില്ല. |
| (സി) | മഞ്ചേരി സ്പോർട്സ് കോംപ്ലക്സിന്റെ വികസനത്തിനായി ഇനിയും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (സി) | കിഫ്ബി ധനസഹായത്തോടെ 14 ജില്ലകളിലും നിർമ്മിക്കാനുദ്ദേശിക്കുന്ന ജില്ലാ സ്റ്റേഡിയങ്ങളിലൊന്നായ മലപ്പുറം ജില്ലാ സ്റ്റേഡിയം (മൊയ്തീൻകുട്ടി ഇൻഡോർ സ്റ്റേഡിയം) മഞ്ചേരി സ്പോർട്സ് കോംപ്ലക്സിലാണ് നിർമ്മിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്. പദ്ധതിയ്ക്ക് 45 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇൻഡോർ സ്റ്റേഡിയം, 8 ലെയിൻ 400 മീറ്റർ സിന്തറ്റിക് അത്ലറ്റിക് ട്രാക്ക്, ഹോക്കി കോർട്ട്, നീന്തൽക്കുളങ്ങൾ എന്നീ സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതിയുടെ ഡി.പി.ആർ കിഫ്ബി പദ്ധതികളുടെ എസ്.പി.വി ആയ കിറ്റ്കോ ലിമിറ്റഡ് കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി അംഗീകാരവും സാങ്കേതികാനുമതിയും ലഭ്യമാകുന്ന |

| | | | |
|---|---|---|---|
| | | | മുറയ്ക്ക് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

(എ) കായിക യുവജനകാര്യാലയം വഴി നേരിട്ട് നടത്തുന്ന പദ്ധതികൾ

| നം | പദ്ധതിയുടെ പേര് | ഭരണാനുമതി തുക |
|---|---|---|
| | **കണ്ണൂർ** | |
| 1 | പിണറായി സ്വിമ്മിംഗ് പൂൾ | 1.16 കോടി |
| 2 | പിലാത്തറ ഇൻഡോർ സ്റ്റേഡിയം നിർമ്മാണം | 1.82 കോടി |
| 3 | മുണ്ടയാട് ഇൻഡോർ സ്റ്റേഡിയത്തിലെ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ | 1.09 കോടി |
| 4 | കണ്ണൂർ സ്പോർട്സ് ഡിവിഷൻ ജിവിഎച്ച്എസ്എസ് വോളീബോൾ കോർട്ട്, ബാസ്ക്കറ്റ് ബോൾ കോർട്ട് എന്നിവയുടെ നിർമ്മാണം | 2.5 കോടി |
| 5 | കണ്ണൂർ സ്പോർട്സ് ഡിവിഷൻ ഹോസ്റ്റൽ നവീകരണം പുതിയ ഹോസ്റ്റൽ ബ്ലോക്ക് (ഒന്നും, രണ്ടും നിലകൾ), കിച്ചൺ & ടോയ്ലറ്റ് ബ്ലോക്ക്, അഡ്മിൻ ബ്ലോക്ക് | 4 കോടി |
| | **വയനാട്** | |
| 6 | ആർച്ചറി അക്കാഡമിയിലെ പ്രീഫാബ് ഹോസ്റ്റലുകളുടെ നിർമ്മാണവും അനുബന്ധ പ്രവൃത്തികളും | 1.75 കോടി |
| | **കോഴിക്കോട്** | |
| 7 | നടക്കാവ് സ്വിമ്മിംഗ്പൂൾ & ഹെൽത്ത് ക്ലബ്ബ് പുനരുദ്ധാരണം | 40 ലക്ഷം |
| 8 | വി.കെ.കെ മേനോൻ ഇൻഡോർ സ്റ്റേഡിയത്തിലെ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ | 54.40 ലക്ഷം |
| | **മലപ്പുറം** | |
| 9 | മഞ്ചേരി സ്പോർട്സ് കോംപ്ലക്സ് നവീകരണവും ഫ്ളെഡ് ലൈറ്റ് സ്ഥാപിക്കലും | 4.76 കോടി |
| | **പാലക്കാട്** | |
| 10 | കണ്ണമ്പ്ര പഞ്ചായത്തിലെ ഫുട്ബോൾ സ്റ്റേഡിയം | 3.00 കോടി |
| 11 | കോട്ടായി ഹയർ സെക്കന്ററി സ്കൂളിൽ 200 മീറ്റർ സിന്തറ്റിക് ട്രാക്ക് നിർമ്മിക്കൽ | 7.00 കോടി |
| | **തൃശ്ശൂർ** | |
| 12 | അക്വാട്ടിക് കോംപ്ലക്സ് നവീകരണം | 7.00 കോടി |
| 13 | വേലൂർ സ്കൂൾ ഗ്രൗണ്ട് നവീകരണം | 1.00 കോടി |
| 14 | കുന്നംകുളം സ്കൂൾ ഗ്രൗണ്ട് (ഫുട്ബോൾ കോർട്ട്) നിർമ്മാണവും മറ്റ് അനുബന്ധ പ്രവൃത്തികളും | 5.00 കോടി |
| 15 | വി.കെ.എൻ. മേനോൻ ഇൻഡോർ ഇൻഡോർ സ്റ്റേഡിയത്തിലെ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ | 54.40 ലക്ഷം |
| | **ഇടുക്കി** | |
| 16 | വോളീബോൾ അക്കാഡമി (മേപ്പിൾവുഡ് ഫ്ളോറിംഗ്) | 46.00 ലക്ഷം |
| | **ആലപ്പുഴ** | |
| 17 | രാജ കേശവദാസ് സ്വിമ്മിംഗ്പൂൾ നവീകരണം | 5.00 കോടി |

| | | |
|---|---|---|
| | **കൊല്ലം** | |
| 18 | ഹോക്കി സ്റ്റേഡിയത്തിലെ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ | 34.22 ലക്ഷം |
| | **തിരുവനന്തപുരം** | |
| 19 | ശ്രീപാദം സ്റ്റേഡിയം ആറ്റിങ്ങൽ പോപ് അപ് സ്പ്രിംഗ്ളർ സംവിധാനത്തോടു കൂടിയ നാച്വറൽ ഫുട്ബോൾ കോർട്ട്, സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ എന്നിവ | 2.09 കോടി |
| 20 | ജി.വി. രാജാ സ്പോർട്സ് സ്കൂൾ, മൈലം, സിന്തറ്റിക് ഫുട്ബോൾ ഗ്രൗണ്ട്, 400 മീ സിന്തറ്റിക് ട്രാക്ക്, സിന്തറ്റിക് ഹോക്കി ടർഫ്, സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ | 16.00 കോടി |
| 21 | പിരപ്പൻകോട് സ്വിമ്മിംഗ്പൂളിലെ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ | 32.07 ലക്ഷം |
| 22 | വട്ടിയൂർക്കാവ് ഷൂട്ടിംഗ് അക്കാഡമിയിലെ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ | 90.81 ലക്ഷം |
| 23 | ജിമ്മിജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിലെ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ | 65.40 ലക്ഷം |

## (ബി) കിഫ്ബി പദ്ധതികൾ

| നം | പദ്ധതിയുടെ പേര് | ഭരണാനുമതി തുക (കോടിയിൽ) |
|---|---|---|
| | **ജില്ലാ സ്റ്റേഡിയങ്ങൾ (14 എണ്ണം)** | |
| | **കാസർഗോഡ്** | |
| 1 | എം.ആർ.സി. കൃഷ്ണൻ ഇൻഡോർ സ്റ്റേഡിയം | ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്നാൽ തുക വ്യക്തമാക്കിയിട്ടില്ല |
| | **കണ്ണൂർ** | |
| 2 | ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം | 48.13 |
| | **വയനാട്** | |
| 3 | സി.കെ. ഓംകാരനാഥൻ ഇൻഡോർ സ്റ്റേഡിയം | 42.19 |
| | **കോഴിക്കോട്** | |
| 4 | ഒളിമ്പ്യൻ റഹ്മാൻ ഇൻഡോർ സ്റ്റേഡിയം | 60 |
| | **മലപ്പുറം** | |
| 5 | മൊയ്തീൻ കുട്ടി ഇൻഡോർ സ്റ്റേഡിയം | 45 |
| | **പാലക്കാട്** | |
| 6 | കെ.കെ.പ്രേമചന്ദ്രൻ ഇൻഡോർ സ്റ്റേഡിയം | 40 |
| | **തൃശ്ശൂർ** | |
| 7 | ഐ.എം. വിജയൻ ഇൻഡോർ സ്റ്റേഡിയം | 70.56 |
| | **എറണാകുളം** | |
| 8 | ഒളിമ്പ്യൻ ചന്ദ്രശേഖരൻ ഇൻഡോർ സ്റ്റേഡിയം | 40 |

| | | |
|---|---|---|
| | **ഇടുക്കി** | |
| 9 | കെ.പി.തോമസ്സ് ഇൻഡോർ സ്റ്റേഡിയം | 40 |
| | **കോട്ടയം** | |
| 10 | സൂസൻ മേബിൽ തോമസ് ഇൻഡോർ സ്റ്റേഡിയം | 38.19 |
| | **ആലപ്പുഴ** | |
| 11 | ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം | 40 |
| | **പത്തനംതിട്ട** | |
| 12 | ബ്ലസൻ ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം | 40 |
| | **കൊല്ലം** | |
| 13 | ഒളിമ്പ്യൻ സുരേഷ്ബാബു. ഇൻഡോർ സ്റ്റേഡിയം | 40 |
| | **തിരുവനന്തപുരം** | |
| 14 | തോമസ്സ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയം | 58.47 |
| നം | പദ്ധതിയുടെ പേര് | **ഭരണാനുമതി തുക (കോടിയിൽ)** |
| | **പഞ്ചായത്ത് കളി സ്ഥലം – ബഡ്ജറ്റ് 2016–17 (33 എണ്ണം)** | |
| | **കാസർഗോഡ്** | |
| 1 | നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം | 20.76 |
| | **കണ്ണൂർ** | |
| 2 | ധർമ്മടം അബു ചാത്തുക്കുട്ടി സ്റ്റേഡിയം | 5 |
| 3 | കൂത്തുപറമ്പ് മുനിസിപ്പൽ സ്റ്റേഡിയം | 5 |
| 4 | തലശ്ശേരി വി.ആർ. കൃഷ്ണയ്യർ സ്റ്റേഡിയം | 13.20 |
| 5 | മട്ടന്നൂർ സ്റ്റേഡിയം | 5 |
| 6 | പടിയൂർ ഇൻഡോർ സ്റ്റേഡിയം | ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്നാൽ തുക വ്യക്തമാക്കിയിട്ടില്ല |
| 7 | കണ്ണൂർ ജവഹർ സ്റ്റേഡിയം | 11.10 |
| | **വയനാട്** | |
| 8 | വയനാട് ജില്ലാ സ്റ്റേഡിയം (ജിനചന്ദ്ര സ്റ്റേഡിയം) | 18.73 |
| | **കോഴിക്കോട്** | |
| 9 | നടുവണ്ണൂർ വോളീബോൾ അക്കാദമി | 10.63 |
| 10 | പുല്ലൂരാംപാറ തിരുവമ്പാടി | ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്നാൽ തുക വ്യക്തമാക്കിയിട്ടില്ല |
| | **മലപ്പുറം** | |
| 11 | എടപ്പാൾ ഗവ. എച്ച്.എസ്സ്.എസ്സ്, മലപ്പുറം | 15.69 രണ്ട് പദ്ധതികൾക്കായി |
| 12 | നിലമ്പൂർ മിനി സ്റ്റേഡിയം | 17.26 |
| 13 | താനൂർ സ്റ്റേഡിയം | 19.14 |
| 14 | പൊന്നാനി നിളാതീരം അക്വാട്ടിക് സ്പോർട്സ് കോംപ്ലക്സ് | 12.77 |

| | | |
|---|---|---|
| | **പാലക്കാട്** | |
| 15 | തിരുമിറ്റക്കോട് ചാത്തന്നൂർ എച്.എസ്.എസ്. | 15.69 രണ്ട് പദ്ധതികൾക്കായി |
| 16 | ചിറ്റൂർ ഗവ. കോളേജ് സ്പോർട്സ് കോംപ്ലക്സ്. | 14.35 |
| 17 | മൾട്ടിപ്പിൾ ഇൻഡോർ സ്റ്റേഡിയം, പട്ടാമ്പി കോളേജ് | 10 |
| 18 | പാലക്കാട് ഇൻഡോർ സ്റ്റേഡിയം | 5 |
| | **തൃശ്ശൂർ** | |
| 19 | ചാലക്കുടി മുനിസിപ്പൽ സ്റ്റേഡിയം | 5 |
| | **എറണാകുളം** | |
| 20 | കോതമംഗലം ചേലാട് സ്റ്റേഡിയം | ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്നാൽ തുക വ്യക്തമാക്കിയിട്ടില്ല |
| 21 | എളങ്കുന്നപ്പുഴ സാന്താക്രൂസ്സ് ഗ്രൗണ്ട്. | 5 |
| | **ഇടുക്കി** | |
| 22 | നെടുങ്കണ്ടം സ്റ്റേഡിയം | 5 |
| | **കോട്ടയം** | |
| 23 | ഐയ്മനം പഞ്ചായത്ത് സ്റ്റേഡിയം | 11.54 രണ്ട് പദ്ധതികൾക്കായി |
| | **ആലപ്പുഴ** | |
| 24 | പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയം | രണ്ട് പദ്ധതികൾക്കായി 14.17 |
| 25 | പള്ളിപ്പുറം എഞ്ചിനീയറിംഗ് കോളേജ് ഗ്രൗണ്ട് അരൂർ | 16.83 |
| 26 | അമ്പലപ്പുഴ ഗവൺമെന്റ് കോളേജ് ഗ്രൗണ്ട് | ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്നാൽ തുക വ്യക്തമാക്കിയിട്ടില്ല |
| 27 | ആലപ്പുഴ റോവിംഗ് ട്രാക്ക് | 10 |
| 28 | ആലപ്പുഴ ഇ.എം.എസ് സ്റ്റേഡിയം രണ്ടാം ഘട്ടം | 14.17 രണ്ട് പദ്ധതികൾക്കായി |
| | **പത്തനംതിട്ട** | |
| 29 | കൊടുമൺ സ്റ്റേഡിയം | 15.86 |
| 30 | അടൂർ മുനിസിപ്പൽ സ്റ്റേഡിയം | 13.32 |
| | **കൊല്ലം** | |
| 31 | കൊറ്റംക്കര മിനി സ്റ്റേഡിയം | – |
| | **തിരുവനന്തപുരം** | |
| 32 | ജി.വി. രാജ സെന്റർ ഫോർ എക്സലൻസ് | 30 |
| 33 | ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം | 11.54 രണ്ട് |

| | | പദ്ധതികൾക്കായി |
|---|---|---|
| | പഞ്ചായത്ത് കളി സ്ഥലം – ബഡ്ജറ്റ് 2017–18 (11 എണ്ണം) | |
| | **കണ്ണൂർ** | |
| 1 | പയ്യന്നൂർ ഫുട്ബോൾ സ്റ്റേഡിയം, കണ്ണൂർ | 10 |
| 2 | പയ്യന്നൂർ മുനിസിപ്പൽ സ്റ്റേഡിയം | 10 |
| 3 | മട്ടന്നൂർ സ്വിമ്മിംഗ് പൂൾ | 15 |
| | **കോഴിക്കോട്** | |
| 4 | വടകര ഇൻഡോർ സ്റ്റേഡിയം. കോഴിക്കോട് | 10 |
| 5 | ശ്രീനാരായണ നഗരം ഇൻഡോർ സ്റ്റേഡിയം | 10 |
| 6 | ഫറൂഖ് ഗണപതി സ്കൂൾ, കോഴിക്കോട് | 10 |
| 7 | മേപ്പയ്യൂർ സ്കൂൾ, കോഴിക്കോട് | 10 |
| | **മലപ്പുറം** | |
| 8 | തിരൂർ ഫുട്ബോൾ സ്റ്റേഡിയം, മലപ്പുറം | 10 |
| | **പാലക്കാട്** | |
| 9 | പറളി സ്കൂൾ, പാലക്കാട് | 10 |
| | **തൃശ്ശൂർ** | |
| 10 | തൃശ്ശൂർ അക്വാട്ടിക് കോപ്ലക്സ് | 5 |
| | **കൊല്ലം** | |
| 11 | പുനലൂർ മുനിസിപ്പൽ സ്റ്റേഡിയം | 10 |

അനുബന്ധം II

സ.ഉ.(കൈ) നമ്പർ 3/2017/കാ.യു.വ. തീയതി 13/2/2017 പ്രകാരം ജി.വി.രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്ന ഉദ്ദേശ്യത്തോടെ ഇവയുടെ ഭരണ നിർവ്വഹണ ചുമതല പൂർണ്ണമായും കായിക വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമാക്കിട്ടുണ്ട്. കായിക വകുപ്പ് ഏറ്റെടുത്തതിനുശേഷം ഈ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ദേശീയ അന്തർദേശീയ മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ കഴിയും വിധം ലോകോത്തര നിലവാരത്തിലുള്ള പരിശീലനവും താഴെപ്പറയുന്ന അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നുണ്ട്.

1. ഓരോ കായിക ഇനത്തിലും മികച്ച കായിക ഉപകരണങ്ങൾ ആവശ്യാനുസരണം വാങ്ങി നൽകി വരുന്നു.
2. രണ്ട് വിദ്യാലയങ്ങളിലും ഹോസ്റ്റലുകൾ, അടുക്കള,ന്ന ടേയ്‌ലെറ്റ് എന്നിവയുടെ നവീകരണം, കുട്ടികൾക്കാവശ്യമായ ബെഞ്ച്, ഡെസ്ക്, കട്ടിലുകൾ, കിടക്ക മുതലായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.
3. പഠന നിലവാരം ഉയർത്തുന്നതിനായി ഇന്ററാക്ടീവ് ക്ലാസ്സ് റൂം, അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം എന്നിവ ഒരുക്കിയിട്ടുണ്ട്.
4. സുരക്ഷ ഉറപ്പാക്കുന്നതിനായി സി.സി.റ്റി.വി. സ്ഥാപിച്ചിട്ടുണ്ട്.
5. വിവിധ കായിക ഇനങ്ങളിൽ അന്താരാഷ്ട്ര നിലവാരത്തിൽ കഴിവ് തെളിയിച്ച കായിക താരങ്ങളെ നേരിൽ കണ്ട് സംവദിക്കുന്നതിനും അതിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ട് കൂടുതൽ മികവോടെ പരിശീലനം നടത്തി പ്രകടനം മെച്ചപ്പെടുത്തുന്നതിനും സഹായകമാകുന്ന "ലെജന്റ് ടാക് റ്റു യു" എന്ന പദ്ധതിയ്ക്കും വിദേശ പരിശീലകരുടെ കീഴിൽ പരിശീലനം ഒരുക്കുന്നതിനുമുള്ള പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.
6. ശാസ്ത്രീയമായി കുട്ടികളിലെ കഴിവുകൾ കണ്ടെത്തുന്നതിന് മസ്സിൽ ബയോപ്സി ടെസ്റ്റ് നടത്തുന്നതിനും ഭരണാനുമതി ലഭിച്ചിട്ടുണ്ട്.
7. പരിശീലനത്തിനിടയിലോ, മത്സരങ്ങൾക്കിടയിലോ പരിക്കേൾക്കുന്ന വിദ്യാർത്ഥികൾക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതിക്കും ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

അടിസ്ഥാന സൗകര്യ വികസനത്തിനായി ചെയ്ത വിവിധ പ്രവർത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ജിം ഉപകരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.
2. ജി.വി.രാജ സ്കൂളിലെ 2 ബാസ്കറ്റ്ബോൾ കോർട്ടുകൾ,

ഇൻഡോർ ഹാൾ നവീകരണം, ഹോക്കി കോർട്ട് നവീകരണം, ആൺകുട്ടുകളുടെ ടോയ്ലെറ്റ്, സ്റ്റാഫ് കോർട്ടേഴ്സ്, ക്രിക്കറ്റ് പിച്ച്, ഹോസ്റ്റൽ കെട്ടിടത്തിലെ ഫ്ളോറിംഗ് എന്നിവയുടെ അറ്റകുറ്റപ്പണികളും പൂർത്തീകരിച്ചു.

3. ജി.വി.രാജ സ്പോർട്സ് സ്കൂളിലെ ഇൻഡോർ കോർട്ട് പി.യു. ഫ്ളോറിംഗ് പൂർത്തീകരിച്ചു. വോളീബോൾ കോർട്ട് നവീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.
4. സിന്തറ്റിക് ഹോക്കി ടർഫ്, 6 വരി 400 മീറ്റർ അത്ലറ്റിക് ട്രാക്ക്, 8 വരി സ്ട്രെയിറ്റ് ട്രാക്ക്, സിന്തറ്റിക് ഫുട്ബോൾ ടർഫ്, പുതിയ ഹോസ്റ്റൽ നിർമ്മാണം എന്നിവയുടെ പണി പുരോഗമിച്ചുവരുന്നു.
5. കണ്ണൂർ സ്പോർട്സ് ഡിവിഷൻ ഹോസ്റ്റലിന്റെ ഒന്ന്, രണ്ട് നിലകളുടെ നിർമ്മാണം പൂർത്തീകരിച്ചു.
6. പരിശീലകരുടെ കുറവ് നികത്തുന്നതിനായി ഓരോ ഇനത്തിലും ആവശ്യമായ പരിശീലകരെ ദിവസ വേതന അടിസ്ഥാനത്തിൽ സർക്കാർ അനുമതിയോടെ നിയമിച്ചിട്ടുണ്ട്.
7. കേരളത്തിലെ പരിശീലകരെ പരിശീലിപ്പിക്കുന്നതിനു വേണ്ടി ആസ്ട്രേലിയയിലെ വിക്ടോറിയ സർവ്വകലാശാലയുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനായി ഒരു ധരാണാപത്രം ഒപ്പുവച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവുരന്നു.

| GRASSROOT BASKETBALL PROGRAMME- CENTERS | | |
|---|---|---|
| Sl No. | District | Name of School |
| 1 | Kannur | AVM GHSS Karivalloor |
| 2 | Kannur | IMNS GHSS Mayyil |
| 3 | Kannur | GGHSS Karapparambu |
| 4 | Kozhikode | Sacred Heart HSS Thiruvambadi |
| 5 | Thrissur | Matha HS Mannampetta |
| 6 | Thrissur | Sacred Heart HSS Chalakkudi |
| 7 | Kollam | GHSS Anchal West |
| 8 | Kollam | GMVHSS Kollam |
| 9 | Thiruvananthapuram | Govt Boys HSS, Neyyattinkara |
| 10 | Thiruvananthapuram | GMHSS Thiruvananthapuram |

| Play For Health- School List | | |
|---|---|---|
| No. | District | Name of school |
| 1 | Kasargod | Govt. LP School, Keekkamkot |
| 2 | Kannur | Govt. LP School, Muzhuppilangadu |
| 3 | Kannur | Govt. Mixed UP School, Talap |
| 4 | Kannur | Govt. LP School, Vadakkumpadu |
| 5 | Kannur | Govt. Tribal UP School, Kannavam |
| 6 | Wayanad | Govt. LP School, Kallupadi |
| 7 | Thrissur | Govt. LP School, Kandangode |
| 8 | Palakkad | Govt. LP School, Puthucode |
| 9 | Alappuzha | Govt. LP School, Nangiarkulangara |
| 10 | Alappuzha | Govt. LP School, Perunnermangalam |
| 11 | Malappuram | Govt. Fisheries LP School, Veliyancode |
| 12 | Malappuram | Govt. LP School, Edappal |
| 13 | Malappuram | GM UP School, Areekode |
| 14 | Thrissur | Govt. LP School, Mattathoor |
| 15 | Thrissur | Govt. LP School, Mukkattukara |
| 16 | Kottayam | Govt. HSS, Nedumkunnam |
| 17 | Idukki | Govt. LP School, Mundiyeruma, Kallar |
| 18 | Alappuzha | Govt. East LP School, Chakkarakulam, Cherthala |
| 19 | Alappuzha | Govt. LP School, Ambalapuzha |
| 20 | Pathanamthitta | Govt. LVLP School, Ambalathunkal, Kunnamthanam |
| 21 | Kollam | Govt. Gopikasadanam LPS, Kottamkara |
| 22 | Kollam | Govt. LP School, Aarampunna, Punalur |
| 23 | Thiruvananthapuram | Govt. HSLP School, Kulathoor |
| 24 | Thiruvananthapuram | GSKVLP School, Kadinamkulam |
| 25 | Ernakulam | VJB School, Udayamperoor,Thrippunithura |

| List of Centers | |
|---|---|
| Sl. No | Name of School |
| 1 | Padiyoor G H S S, Kanoor |
| 2 | Udinoor G H S S, Kasargod |
| 3 | Cherpulazheri GH S S, Palakkad |
| 4 | Kulanada Panchayath H S S, Pathanamthitta |
| 5 | G H S S Pala , Kottayam |
| 6 | Govt. Tribal H S S Kattappana, Idukki |

## കിക്കോഫ് കേന്ദ്രങ്ങൾ

| ക്ര.നം | ജില്ല | കേന്ദ്രം |
|---|---|---|
| 1 | കാസർഗോഡ് | ജി.എഫ്.എച്ച്.എസ്.എസ്, പടന്നക്കടപ്പുറം |
| 2 | കണ്ണൂർ | ജി.എച്ച്.എസ്.എസ്, കൂടാളി |
| 3 | കണ്ണൂർ | കെ.പി.ആർ.ജി.എസ് ജി.എച്ച്.എസ്.എസ്, കല്യാശ്ശേരി |
| 4 | കണ്ണൂർ | ജി.എച്ച്.എസ്.എസ്, ചിറ്റാരിപ്പറമ്പ് |
| 5 | വയനാട് | ജി.എച്ച്.എസ്.എസ്, പനമരം |
| 6 | കോഴിക്കോട് | ജി.എച്ച്.എസ്.എസ്, പായമ്പ്ര |
| 7 | മലപ്പുറം | രാജാസ് ജി.എച്ച്.എസ്.എസ്, കോട്ടക്കൽ |
| 8 | പാലക്കാട് | ജി.എച്ച്.എസ്.എസ്, കാരാക്കുറുശ്ശി |
| 9 | പാലക്കാട് | ജി.എച്ച്.എസ്.എസ്, പട്ടാമ്പി |
| 10 | തൃശ്ശൂർ | ജി.എച്ച്.എസ്.എസ്, എരുമപ്പെട്ടി |
| 11 | തൃശ്ശൂർ | ജി.എച്ച്.എസ്.എസ്, മണത്തല |
| 12 | എറണാകുളം | ജി.എച്ച്.എസ്.എസ്, എളങ്കുന്നപ്പുഴ |
| 13 | ഇടുക്കി | ട്രൈബൽ ജി.എച്ച്.എസ്.എസ്, കട്ടപ്പന |
| 14 | കോട്ടയം | ജി.ബി.എച്ച്.എസ്.എസ്, വൈക്കം |
| 15 | ആലപ്പുഴ | ജി.എച്ച്.എസ്.എസ്, കലവൂർ |
| 16 | പത്തനംതിട്ട | കെ.എൻ.എം ജി.എച്ച്.എസ്.എസ്, കവിയൂർ |
| 17 | കൊല്ലം | ജി.എച്ച്.എസ്.എസ്, ശങ്കരമംഗലം |
| 18 | തിരുവനന്തപുരം | ജി.വി.എച്ച്.എസ്.എസ്, കുളത്തൂർ |
| 19 | കണ്ണൂർ | ജി.ജി.എച്ച്.എസ്.എസ്, പയ്യന്നൂർ (ഗേൾസ്) |

| കിക്കോഫ് (ഗേൾസ്) പരിശീലന കേന്ദ്രങ്ങൾ 2019-20 | | |
|---|---|---|
| 20 | കാസർഗോഡ് | ജി.എച്ച്.എസ്.എസ്, ബല്ല ഈസ്റ്റ്, കാഞ്ഞങ്ങാട് |
| 21 | കണ്ണൂർ | എ.കെ.ജി ജി.എച്ച്.എസ്.എസ്, പെരളശ്ശേരി |
| 22 | കോഴിക്കോട് | ജി.വി.എച്ച്.എസ്.എസ്, കൊയിലാണ്ടി |
| 23 | കോഴിക്കോട് | ആർ.ഇ.സി ജി.വി.എച്ച്.എസ്.എസ്, ചാത്തമംഗലം |
| 24 | മലപ്പുറം | മാനവേദൻ ജി.വി.എച്ച്.എസ്.എസ്, നിലമ്പൂർ |
| 25 | തൃശ്ശൂർ | ജി.എച്ച്.എസ്.എസ്, കൊടകര |
| 26 | തൃശ്ശൂർ | അളകപ്പനഗർ ജി.പി.എച്ച്.എസ്.എസ്, ആമ്പല്ലൂർ |
| 27 | എറണാകുളം | എഡ്വേർഡ് മെമ്മോറിയൽ ജി.ജി.എച്ച്.എസ്.എസ്, ഫോർട്ട് കൊച്ചി |
| 28 | ഇടുക്കി | ജി.വി.എച്ച്.എസ്.എസ്, കുമളി |
| 29 | കോട്ടയം | ജി.എച്ച്.എസ്, കുന്നുംഭാഗം, കാഞ്ഞിരപ്പള്ളി |
| 30 | ആലപ്പുഴ | ജി.എച്ച്.എസ്.എസ്, തിരുന്നല്ലൂർ |
| 31 | പത്തനംതിട്ട | ജി.എച്ച്.എസ്.എസ്, കൊയിപ്രം |
| 32 | കൊല്ലം | ജി.എം.എച്ച്.എസ്.എസ്, വെട്ടിക്കവല, പത്തനാപുരം |
| 33 | തിരുവനന്തപുരം | ജി.ജി.എച്ച്.എസ്.എസ്, മലയൻകീഴ് |

S.O